നടത്തുന്നതിന് ഒരു നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ നിബന്ധനകളിൽ ഒന്നാണ് ഈ നിശ്ചിത ഉക ഫീസായി ഈടാക്കുക എന്നത്. ടി ഉക ശബരിമല അന്നദാന ഫണ്ടിൽ നിക്ഷേപിക്കുക എന്നുള്ള സദുദ്ദേശത്തോടുകൂടിയാണ് ചെയ്തിട്ടുള്ളതെന്നും ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മണ്ഡല-മകര വിളക്ക് കാലയളവിൽ ശബരിമല, പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിൽ ദേവസ്വം ബോർഡ് നേരിട്ട് മുന്നേറവും അന്നദാനം നടത്തുന്നുണ്ട്. അന്നദാനം നടത്തുന്നതിന് ഫീസ് ഈടാക്കുന്നത് കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ മേൽ നടപടി ആവശ്യമില്ല.

പറമ്പിക്കുളം-ആളിയാർ കരാർ

139 (T*4425) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം 2012, 2013 വർഷങ്ങളിൽ തമിഴ്നാട്ടിൽനിന്നും കേരളത്തിന് ലഭിക്കുവാൻ അർഹതയുള്ള ജലം കൃത്യതലായി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) തമിഴ്നാടിന്റെ ഭാഗത്തുനിന്നുള്ള കരാർ ലംഘനംമൂലം കേരളത്തിന് കുടിവെള്ളം, ജലസേചനം, വൈദ്യുതി എന്നീ മേഖലകളിലുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എത്രയാണെന്ന് അറിയിക്കാമോ;

(സി) നഷ്ടപരിഹാരത്തിനുള്ള സാദ്ധ്യതകൾ സർക്കാർ തേടിയിട്ടുണ്ടോ;

(ഡി) കരാർ കാലാനുസൃതമായി പുതുക്കുന്നതിനും സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിനും ആവശ്യമായ നിയമനടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ - സി) സംസ്ഥാന സർക്കാരിന്റെയും ജലസേചന വകുപ്പിന്റെയും സമയോചിതവും ശക്തവുമായ ഇടപെടലുകളിലൂടെ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ 2012-2013 ജലവർഷത്തിൽ കരാർ പ്രകാരം അർഹതപ്പെട്ട ജലവിഹിതം കേരളത്തിന് പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്ന് ലഭിച്ചിട്ടില്ല. തമിഴ്നാടിന്റെ കരാർ വ്യവസ്ഥ ലംഘനങ്ങൾക്കെതിരെ കേരളം ബഹു. സുപ്രീം കോടതിയിൽ അസ്സൽ അന്യായവും ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഹർജിയിൽ, തമിഴ്നാടിന്റെ ഭാഗത്തുനിന്നുള്ള കരാർ ലംഘനംമൂലം വിവിധ

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

മേഖലകളിലുണ്ടായിട്ടുള്ള നഷ്ടങ്ങൾ നികത്തുന്നതിലേയ്ക്കായി, നഷ്ടപരിഹാരമായി 50 കോടി രൂപ തമിഴ്നാട് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പുതുക്കാൻ, ടി കരാറിൽ പ്രത്യേക വ്യവസ്ഥയില്ല. എന്നാൽ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ കരാർ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. 2012-13 ജലവർഷത്തിൽ കേരളത്തിന് കരാർ പ്രകാരം അർഹതപ്പെട്ട ജലം പറമ്പിക്കുളം ആളിയാർ പദ്ധതിയിൽനിന്നും ലഭിച്ചില്ല. ഈ സാഹചര്യത്തിൽ തമിഴ്നാടിന്റെ കരാർ വ്യവസ്ഥ ലംഘനങ്ങൾക്കെതിരെ കേരളം ബഹു. സുപ്രീം കോടതിയിൽ അസ്സൽ അന്യായവും ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. ഇതോടൊപ്പംതന്നെ നിലവിലെ സാഹചര്യത്തിൽ കേരളത്തിനർഹതപ്പെട്ട ജലവിഹിതം കൃത്യമായി നേടിയെടുക്കുന്ന തരത്തിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ ചർച്ചകളിലൂടെ പരസ്പര ധാരണയിലെത്തി. കരാർ പുനരവലോകനം യാഥാർത്ഥ്യമാക്കാനുള്ള നടപടികളെപ്പറ്റിയും സർക്കാർ ആലോചിക്കുന്നുണ്ട്. ഇതിന് സമഗ്രമായ പരിശോധനയും തുടർ ചർച്ചകളും നടത്തേണ്ടതുണ്ട്.

കോടശ്ശേരി പഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ നിർമ്മാണ നടപടികൾ

140 (4426) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ധനസഹായത്തോടെ ജലവിഭവ വകുപ്പ് അനുമതി നൽകിയിട്ടുള്ള ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ നിർമ്മാണ നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും, കാലതാമസം കൂടാതെ പൂർത്തിയാക്കി ജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിയുടെ 25% പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly